# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3785

### 21-06-2019 ൽ മറുപടിക്ക്

**മഴവഞ്ചേരി -ച്ചൂണ്ടൽ റോഡിന്റെ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| തൃശ്ശൂർ കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിഗണനയ്ക്കായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തൃശ്ശൂർ - കുറ്റിപ്പുറം റോഡ് എന്ന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 10.07.2017 ലെ സ.ഉ.(സാധാ) നം.942/ 2017/പൊ.മ.വ ഉത്തരവ് പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടോ മറ്റ് വിശദാംശങ്ങളോ നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അനുയോജ്യമായ നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ